(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാഭ്യാസ ജില്ലയിലും ഒരു അദ്ധ്യയനവർഷം എത്ര തുകയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇതിനായി ഒരു അദ്ധ്യയന വർഷം എത്ര തുക വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം, സ്കൂളുകളുടെ സമഗ്രവികസനം, എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ദർശ്യങ്ങൾ.

(ബി) സ്കൂൾ വികസന പദ്ധതിക്കായി പ്രത്യേകമായി തുക അനുവദിക്കുന്നില്ല. എന്നാൽ എസ്.എസ്.എ., ആർ.എം.എസ്.എ., എൽ.എസ്.ജി.ഡി, എം.എൽ.എ/എം.പി. ഫണ്ട് എന്നീ നിരകളിൽ വിദ്യാലയ വികസനത്തിനായി തുക ചെലവഴിക്കുന്നുണ്ട്.

(സി) എസ്.എസ്.എ-യുടെ കീഴിൽ സ്കൂൾ വികസന പദ്ധതി എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സർക്കാർ വിദ്യാലയത്തിനെന്നപോലെ എയ്ഡഡ് വിദ്യാലയത്തിനും പ്രത്യേക തുക അനുവദിക്കുന്നില്ല.

വിദ്യാഭ്യാസ അവകാശ നിയമം

2 (6887) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നടപ്പ് അദ്ധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - ഡി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അദ്ധ്യയനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളുകളെന്നും അഞ്ചാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ ആന്റ് അപ്പർ പ്രൈമറി വിഭാഗമെന്നും എട്ടാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി ആന്റ് ഹൈസ്കൂളെന്നും പുനർനാമകരണം ചെയ്യാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ .കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗങ്ങളിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിക്കും ചെലവാകുന്ന തുകയും അല്ലെങ്കിൽ കുട്ടിയിൽനിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ് പ്രസ്തുത തുക സ്കൂളിന് റീ-ഇംബേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവണ്മെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ തുകയിൽ സൂചിപ്പിച്ച രീതിയിൽ റീ-ഇംബേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകൾക്ക് 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവണ്മെന്റ്/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവണ്മെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ വിഭാവനം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവണ്മെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യാ അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly